# പതിനാലാം കേരള നിയമസഭ

## ഏഴാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **17/08/2017 -ൽ മറുപടിയ്ക്ക്.**

**ചോദ്യം നമ്പർ 2416**

**ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാലിന്റെ ഗുണനിലവാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ച് സംസ്ഥാനത്ത് വില്പന നടത്തുന്ന പാൽ ഗുണനിലവാരം കുറഞ്ഞതും ആരോഗ്യത്തിന് ദോഷകരമായ പല കൃത്രിമ ഘടകങ്ങളും ചേർന്നതാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>എന്നാൽ ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ച് സംസ്ഥാനത്ത് വില്പന നടത്തുന്ന പാൽ ഭക്ഷ്യാസുരക്ഷാവകുപ്പ് പരിശോധന നടത്തിയപ്പോൾ ആരോഗ്യത്തിന് ദോഷകരമായ യാതൊരു രാസവസ്തുക്കളും കണ്ടെത്തിയിട്ടില്ല.<br><br>പാലക്കാട് മീനാക്ഷിപുരത്ത് ചെക്ക്പോസ്റ്റും ലബോറട്ടറിയും സ്ഥാപിച്ച് പാൽ പരിശോധന നടത്തിയതിന്റെ ഫലമായി ഈ ചെക്ക്പോസ്റ്റ് വഴി കടന്നുവരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ക്ഷീരവികസന വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. കൃത്രിമ പാൽ ഘടകങ്ങൾ ചേർന്നതായി കണ്ടെത്തിയിട്ടില്ല. |
| (ബി) നിയന്ത്രണമില്ലാതെ ഇത്തരം പാൽ വിപണനം ചെയ്യുന്നത് ക്ഷീരകർഷകർക്ക് അർഹമായ വില ലഭിക്കാത്ത സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടോ ; | (ബി) കേരളം നാളിതുവരെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തമാകാത്ത സാഹചര്യത്തിൽ ഇതര സംസ്ഥാനങ്ങളിൽനിന്നു പാൽ കൊണ്ടു വരുന്നത് കർഷകർ |

ഉല്പാദിപ്പിക്കുന്ന പാലിന്റെ വിലയെ ബാധിച്ചിട്ടില്ല.

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

(സി) സ്വീകരിച്ചു വരുന്നു.

ക്ഷീരവികസന വകുപ്പ് പാലക്കാട് മീനാക്ഷിപുരത്ത് ചെക്ക്പോസ്റ്റും ലബോറട്ടറിയും സ്ഥാപിച്ച് പാലിന്റെ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ആര്യങ്കാവ്, പാറശാല എന്നിവിടങ്ങളിൽകൂടി ഈ സാമ്പത്തിക വർഷം തന്നെ ചെക്ക്പോസ്റ്റുകൾ ആരംഭിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതാണ്.

ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പാലിന്റെ സാമ്പിളുകൾ ഇടവിട്ടുള്ള അവസരങ്ങളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്താറുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പുതുതായി തുടങ്ങിയ രണ്ട് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുടെ സേവനവും, ചെക്ക് പോസ്റ്റുകളിൽ ഉൾപ്പെടെ പരിശോധനയ്ക്കായി വിനിയോഗിക്കുന്നുണ്ട്.
മിൽമയ്ക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷമാണ് സ്വീകരിക്കുന്നത്. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഇതിനായുള്ള സുസജ്ജമായ ലബോറട്ടറികൾ ഉണ്ടാക്കിയിട്ടുണ്ട്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നു. കൂടാതെ പുറമെയുള്ള എൻ. എ. ബി. എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലാബോറട്ടറീസ്)

അക്രഡിറ്റഡ് ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ് ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തി വരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ